Malappuram District Police

## 30/06/2018 മഞ്ചേരി

മഞ്ചേരി പോലീസ് ഇൻസ്പെക്ടറെ ആക്രമിച്ച കേസിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. കാളികാവ് സ്വദേശി തെക്കേടത്ത് റിയാസ്(32) ആണ് പിടിയിലായത്. 2017 ഡിസംബര്‍ 10 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. മഞ്ചേരി എൻ.എസ്.എസ് കോളേജ് പരിസരത്ത് രാത്രി സാമൂഹ്യ വിരുദ്ധ ശല്യം രൂക്ഷമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ രാത്രി ഒരു മണിയോടെ മഞ്ചേരി ഐ.പി. എൻ.ബി. ഷൈജുവിന്റെ നേതൃത്വത്തില്‍ എത്തിയ പോലീസ് സംഘം പ്രദേശത്ത് മദ്യപിച്ചിരിക്കുകയായിരുന്ന സംഘത്തെ ചോദ്യം ചെയ്തതില്‍ സംഘത്തിലുണ്ടായിരുന്ന റിയാസ് ഐ.പി-യെ മര്‍ദ്ദിച്ച് രക്ഷപ്പെട്ടു. പിന്നീട് കഴിഞ്ഞ ആറു മാസമായി ഇയാള്‍ ഒളിവിലായിരുന്നു. എസ്ഐ അബ്ദുല്‍ ജലീല്‍ കറുത്തേടത്ത്, പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ സത്യനാഥൻ മനാട്ട്, ഉണ്ണികൃഷ്ണൻ മാരാത്ത്. പി. സഞ്ജീവ്, മുഹമ്മദ് സലിം എന്നിവരുള്‍പ്പെട്ട സംഘമാണ് പ്രതിയെ പിടികൂടിയത്.